6 (402) സമുദ്രോൽപ്പന്ന സംസ്കരണ കേന്ദ്രങ്ങൾ

ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. എം.കെ. മുനീർ :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. സി.ടി. അഹമ്മദാലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കയറ്റുമതിക്കുള്ള സമുദ്രോൽപ്പന്നങ്ങൾ സംസ്കരിക്കുന്ന എത്ര കേന്ദ്രങ്ങൾ ഉണ്ട്; എവിടെയെല്ലാം;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ കയറ്റുമതിക്കായി ഏതെല്ലാം മത്സ്യങ്ങളും കൊഞ്ചുവർഗ്ഗങ്ങളുമാണ് സംസ്കരണം നടത്തുന്നത്;

(സി) കയറ്റുമതി ചെയ്യുന്ന സമുദ്രോൽപ്പന്നങ്ങൾക്ക് ഗുണമേന്മ നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതനുസരിച്ചുതന്നെ കയറ്റുമതി നടത്തുന്നതിന് വേണ്ട സംവിധാനമുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇതിനുവേണ്ട സംവിധാനം ഉണ്ടാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി 125 സമുദ്രോൽപ്പന്ന സംസ്ക്കരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ ആവോലി, നെയ്മീൻ, കലവ, തെരണ്ടിവർഗങ്ങൾ, അയല, മത്തി, ചൂണ്ടാമ്പ്വാള, എന്നീ മത്സ്യഇനങ്ങളും നാരൻ, കാര, കരിയ്ക്കാടി, ആറ്റുകൊഞ്ച്, കല്ലറാൾ എന്നീ കൊഞ്ച് ഇനങ്ങളും, കണവ, കട്ടിൽഫിഷ്, ഓക്ടോപ്പസ്, ക്ലാംസ്, മസ്സൽ, സ്നേൽ, ഞണ്ട് എന്നിവയുമാണ് കയറ്റുമതിക്കായി സംസ്കരണം നടത്തുന്നത്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

7 (403) കൃത്രിമ പാരുകൾ നിർമ്മിക്കുന്ന പദ്ധതി

ശ്രീ. കെ. ബാബു :
ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി രാധാരാഘവൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ തീരക്കടലിൽ മത്സ്യസമ്പത്തിന്റെ വർദ്ധനവ് ലക്ഷ്യം വച്ച് കൃത്രിമ പാരുകൾ നിർമ്മിക്കുന്ന ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പരീക്ഷണാടിസ്ഥാനത്തിൽ എവിടെയെങ്കിലും കൃത്രിമ പാരുകൾ നിർമ്മിച്ചിട്ടുണ്ടോ;

(സി) കൃത്രിമ പാരുകൾ നിർമ്മിച്ച സമുദ്ര മേഖലയിലെ മത്സ്യ സമ്പത്തിന്റെ വളർച്ച നിരീക്ഷിച്ചിട്ടുണ്ടോ;

(ഡി) ഈ പദ്ധതി മറ്റെവിടെയെങ്കിലും വിജയകരമായി പരീക്ഷിച്ചതായി അറിവുണ്ടോ;

(ഇ) വ്യാവസായിക പ്രാധാന്യമുള്ളതും ആഭ്യന്തര ഉപഭോഗത്തിനാവശ്യമുള്ളതുമായ ഇനം മൽസ്യങ്ങളുടെ വൻതോതിലുള്ള പ്രജനനവും വളർച്ചയും ലക്ഷ്യമിട്ടുള്ള പദ്ധതികൾക്ക് മുൻതൂക്കം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. പൊഴിയൂർ , പൂവാർ, അടിമലത്തുറ എന്നിവിടങ്ങളിൽ.

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ) ഇത്തരം പദ്ധതികൾക്കാണ് ഫിഷറീസ് വകുപ്പ് മുൻതൂക്കം നൽകുന്നത്.

8 (404) **ഫിഷറീസും സാംസ്ക്കാരികവും വകുപ്പുകളുടെ കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങൾ**

ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസും സാംസ്ക്കാരികവും വകുപ്പുകളുടെ കീഴിൽ പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) അവയിലെ എം.ഡി.മാരുടെ ഓരോരുത്തരുടേയും പ്രതിമാസ ശമ്പളവും അലവൻസും എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ഫിഷറീസ് വകുപ്പിന്റെ കീഴിൽ പൊതുമേഖലാ സ്ഥാപനങ്ങളില്ല. സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ.

(സി) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ ശമ്പളവും അലവൻസുകളും ചുവടെ ചേർക്കുന്നു.

അടിസ്ഥാന ശമ്പളം : 11,600/ രൂപ

LIBRARY ARCHIVES Kerala Legislative Assembly